# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 11-07-2013

# വി.എച്ച്.എസ്.ഇ അധ്യാപകരെ സ്ഥലംമാറ്റി പീഡിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണം

## കെ.എസ്.ടി.എ

പൊതുമാനദണ്ഡങ്ങൾ പാലിക്കാതെ വൊക്കേഷണൽ ഹയർസെക്കന്ററി അധ്യാപകരെ സ്ഥലംമാറ്റി പീഡിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ഒരുമാസത്തിനിടയിൽ നാല് സ്ഥലംമാറ്റ ഉത്തരവുകളിലൂടെ 500 ലധികം അധ്യാപകരെ തലങ്ങും വിലങ്ങും സ്ഥലംമാറ്റി. അധ്യാപകരുടെ പ്രതിഷേധത്തെതുടർന്ന് സർക്കാർ ഉത്തരവിലൂടെ സ്ഥലംമാറ്റം നിർത്തിവച്ചിരുന്നു.

പരാതികൾ പരിഹരിച്ച് രണ്ടാഴ്ചയ്ക്കകം സ്ഥലംമാറ്റ ഉത്തരവ് ഉണ്ടാകണം എന്ന ട്രിബ്യൂണലിന്റെ നിർദ്ദേശത്തെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് അധ്യാപകരെ വീണ്ടും പുതിയ സ്ഥലങ്ങളിലേക്ക് മാറ്റികൊണ്ട് ഉത്തരവിറക്കി. ഒഴിവുള്ള സ്ഥലത്ത് അപേക്ഷിക്കുന്ന അധ്യാപകർക്ക് മാത്രം സ്ഥലംമാറ്റം നൽകിയാൽ മതിയെന്ന 2010 ലെ സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോഴാണ് ഈ നടപടി. ഡയറക്ടറേറ്റിലെ ചില ഉദ്യോഗസ്ഥന്മാരും മന്ത്രിയാഫീസിലെ ഹയർസെക്കന്ററി ചുമതലക്കാരനും ചേർന്ന് വീണ്ടും ഉത്തരവിറക്കിയത് 33 സ്ഥലങ്ങളിൽ ഒരു ഒഴിവിൽ ഒന്നിലധികംപേരെ സ്ഥലംമാറ്റി. 12 സ്ഥലങ്ങളിൽ സ്ഥലംമാറ്റപ്പെട്ട അധ്യാപകർക്ക് തസ്തികയില്ല. 88 അധ്യാപകർ താൽക്കാലിക പ്രിൻസിപ്പാൾ നിയമനത്തിന്റെ പേരിൽ പുറത്തായി. അഗ്രിക്കൾച്ചറൽ, എൻജിനീയറിംഗ് ഉൾപ്പെടെ ഉയർന്ന യോഗ്യതയുള്ള വൊക്കേഷണൽ അധ്യാപകരായി ജോലിചെയ്യുന്നത്. സ്ഥലംമാറ്റപ്പെട്ട എൺപതുശതമാനം പേരും അധ്യാപികമാരാണ്. സോഫ്റ്റ്വെയറിന്റെ കുഴപ്പമെന്നാണ് ഡയറക്ടർ പറയുന്നത്. സ്ഥലംമാറ്റപ്പെട്ട നൂറിലധികംപേർ പുറത്തായിരിക്കുകയാണ്.

ഇന്നുമുതൽ സ്ഥലംമാറ്റ ഉത്തരവ് നടപ്പാക്കേണ്ടതില്ല എന്നാണ് പുതിയ നിർദ്ദേശം. മൂന്നുതവണ നിർത്തിവയ്ക്കലും നടപ്പാക്കലും ഉണ്ടായ സ്ഥലംമാറ്റമാണിത്. അഞ്ഞൂറോളം പേരുടെ സ്ഥലംമാറ്റംപോലും പരാതിയില്ലാതെ നടത്താൻ സർക്കാരിനു കഴിയുന്നില്ല. കുഴപ്പമുണ്ടാക്കി വൻതോതിൽ പണപ്പിരിവ് നടത്തുന്നതായി ആക്ഷേപമുണ്ട്.

മാനദണ്ഡം പാലിക്കാതെയുള്ള സ്ഥലംമാറ്റ ഉത്തരവുകൾ മുഴുവൻ റദ്ദുചെയ്യണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. പ്രശ്നം പരിഹരിച്ചില്ലെങ്കിൽ പ്രക്ഷോഭം ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി

**കേരള വിദ്യാഭ്യാസ സമിതി**
**സംസ്ഥാന കമ്മിറ്റി**
കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ഓഫീസ്, തൈക്കാട്, തിരുവനന്തപുരം-695 014
ഫോൺ:0471 2324997, 0471 2327630, ഫാക്സ്: 0471 2324997 E.mail: vidhyabhyasam@gmail.com

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 11-07-2013

# ബഹുജനവിദ്യാഭ്യാസ കൺവെൻഷൻ ഇന്ന്

കേരളത്തിലെ വിദ്യാഭ്യാസമേഖലയെ തകർക്കുന്ന സർക്കാർ നടപടികൾക്കെതിരെ കേരള വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്നു വൈകുന്നേരം (12.07.2013) 4 മണിക്ക് അധ്യാപകഭവനിൽ ബഹുജന വിദ്യാഭ്യാസ കൺവെൻഷൻ ചേരും. ഉന്നതവിദ്യാഭ്യാസരംഗത്തും സ്കൂൾ വിദ്യാഭ്യാസരംഗത്തും നിലനിൽക്കുന്ന പ്രതിസന്ധികളെക്കുറിച്ച് കൺവെൻഷൻ ചർച്ചചെയ്യും. മുൻവിദ്യാഭ്യാസ സാംസ്കാരിക വകുപ്പുമന്ത്രി എം.എ.ബേബി കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. ഡോ. പുതുശ്ശേരി രാമചന്ദ്രൻ അധ്യക്ഷത വഹിക്കും. പ്രൊഫ. നൈനാൻകോശി, എം.പി.അച്യുതൻ എം.പി, കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ്ചാൻസലർ ഡോ. ജെ. പ്രസാദ്, പ്രൊഫ. വി.എൻ. മുരളി, എസ്.സി.ഇ.ആർ.ടി മുൻ ഡയറക്ടർ ഡോ.എം.എ.ഖാദർ, പ്രൊഫ. വി.കാർത്തികേയൻ നായർ, എഫ്.എസ്.ഇ.ടി.ഒ ജനറൽസെക്രട്ടറിയും കേരളവിദ്യാഭ്യാസ സമിതി കൺവീനറുമായ എ.ശ്രീകുമാർ, സമരസമിതി കൺവീനർ സി.ആർ.ജോസ്പ്രകാശ് എന്നിവർ പങ്കെടുക്കുന്നു.

**പ്രൊഫ. നൈനാൻ കോശി**
ചെയർമാൻ

**എം.ഷാജഹാൻ**
കൺവീനർ